പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ
(വൈൽഡ്‌ലൈഫ്) &
ചീഫ് വൈൽഡ്‌ലൈഫ് വാർഡൻ.

വനം-വന്യജീവി വകുപ്പ്
ഫോറസ്റ്റ് ഹെഡ്ക്വാർട്ടേഴ്സ്
വഴുതക്കാട്, തിരുവനന്തപുരം-14.
ഫോൺ : 0471 2321610
ഫാക്സ് : 0471 2320554
മൊ: 09447979002

## സർക്കുലർ നം. 1/2018 തീയതി 31.03.2018

**വിഷയം:** വനം-വന്യജീവി വകുപ്പ് - വന്യജീവി ആക്രമണത്തിനുള്ള നഷ്ടപരിഹാരം ഓൺലൈൻ മുഖേന നൽകുന്നത് - സംബന്ധിച്ച്

**സൂചന:** 29.07.16, 03.08.16 എന്നീ തീയതികളിലെ ചീഫ് വൈൽഡ്‌ലൈഫ് വാർഡന്റെ കത്ത് നം. **ഡബ്ളിയു.എൽ1-37277/16.**

വന്യജീവി ആക്രമണങ്ങൾക്കുള്ള നഷ്ടപരിഹാരം ലഭ്യമാക്കുന്നതിനായി അപേക്ഷകൾ 01.08.2016 മുതൽ ഇ-ഡിസ്ട്രിക്ട് മുഖേന ഓൺലൈൻ ആയിട്ടാണ് സ്വീകരിച്ചു വരുന്നത്. ഇത്തരത്തിൽ ലഭിക്കുന്ന അപേക്ഷകളിൽ നടപടി സ്വീകരിക്കേണ്ടത് പൂർണ്ണമായും ഓൺലൈൻ മുഖേന ആയിരിക്കണമെന്ന് ചീഫ് വൈൽഡ്‌ലൈഫ് വാർഡൻ എല്ലാ ടെറിറ്റോറിയൽ ഡിവിഷണൽ ഫോറസ്റ്റാഫീസർമാർക്കും / വൈൽഡ്‌ലൈഫ് വാർഡൻമാർക്കും മേൽ സൂചന പ്രകാരം നിർദ്ദേശം നൽകിയിരുന്നു. എന്നാൽ പല ഫീൽഡ് ഓഫീസർമാരും മേൽപ്പടി നിർദ്ദേശം പാലിക്കുന്നില്ലെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വന്യജീവി ആക്രമണംമൂലമുള്ള നഷ്ടപരിഹാരത്തിനുള്ള അപേക്ഷകൾ ഒരേ സമയം ഓൺലൈനായും, ഓഫ്‌ലൈനായും കൈകാര്യം ചെയ്യുന്നതിനാൽ കൃത്യമായ വിവര ശേഖരണം സാധ്യമാകുന്നില്ല.

മേൽ സാഹചര്യത്തിൽ **01.04.2018 മുതൽ വന്യജീവി ആക്രമണംമൂലം ഉണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് നഷ്ടപരിഹാരത്തിനായി ലഭിക്കുന്ന അപേക്ഷകൾ പൂർണ്ണമായും ഓൺലൈൻ മുഖേന തീർപ്പാക്കേണ്ടതാണ്.** ഈ നിർദ്ദേശം പാലിക്കുന്നുണ്ടെന്ന് അതാത് ഡിവിഷൻതല മേധാവികൾ ഉറപ്പാക്കേണ്ടതാണ്.

83
4/4/18

APCCF (FMIS)

SFO
website
3
4/4

Vinod. S
DCF (FMIS)

03/04/18

പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വൈൽഡ്‌ലൈഫ്) &
ചീഫ് വൈൽഡ്‌ലൈഫ് വാർഡൻ

**മേലെഴുത്ത് നമ്പർ : ഡബ്ളിയു.എൽ1-37277/16 തീയതി 31.03.2018**

പകർപ്പ്: എല്ലാ റെയിഞ്ച് ഫോറസ്റ്റ് ഓഫീസർമാർക്കും
എല്ലാ ടെറിറ്റോറിയൽ ഡി.എഫ്. ഒ മാർക്കും/വൈൽഡ്‌ലൈഫ് വാർഡൻമാർക്കും
എല്ലാ സർക്കിൾ സി.സി.എഫ് മാർക്കും
എല്ലാ എ.പി.സി.സി.എഫ്മാർക്കും
എല്ലാ പി.സി.സി.എഫ് മാർക്കും അറിവിനായി നൽകുന്നു.
സ്റ്റോക്ക് ഫയൽ/ ഫോറസ്റ്റ് വെബ്സൈറ്റ്

D:\Files.Whole\Files\2018.Sh\Section Files\WL1\Circular.Mal.doc